# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ടി.എസ്.ആർ (പി 16)-576/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 28/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ
കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ-ടി.എസ്.ആർ (പി 16)-576/2023 തീയ്യതി: 28/04/2023

## തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 16-04-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സുധാ ദാസ് | ജോയിന്റ് ഡയറക്ടർ | 17-04-2023 | 20-04-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-04-2023 | 20-04-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഷോബി വി പി ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ഷൈനി കൃഷ്ണദാസ് അസി.ഓഡിറ്റ് ഓഫീസർ

സുനിൽ പി ബി അസി.ഓഡിറ്റ് ഓഫീസർ

സ്വാലിഹ് സി പി ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലതി വേണുഗോപാൽ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| രാമദാസ് എം.പി | സെക്രട്ടറി | 01-04-2021 | 10-05-2021 |
| സുജേഷ് എം. എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-05-2021 | 19-05-2021 |
| വിനീത് കെ.എം. | സെക്രട്ടറി | 19-05-2021 | 30-05-2021 |
| ജെന്നിഫർ ഫാൻസി | സെക്രട്ടറി | 31-05-2021 | 31-05-2021 |
| വിനീത് കെ. എം | സെക്രട്ടറി | 01-06-2021 | 17-06-2021 |
| ഹരിദാസ് എം | സെക്രട്ടറി | 18-06-2021 | 30-09-2021 |
| സുജേഷ് എം.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-10-2021 | 03-10-2021 |
| ഫ്ലവിഷാൽ ടി വി | സെക്രട്ടറി | 04-10-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എൻ. കെ. സരസ്വതി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 31-03-2022 |
| ധന്യ രവി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ലൈഷ അശോകൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| സജിത ബീഗം | സൂപ്രണ്ട് സി എച്ച് സി | 01-04-2021 | 31-03-2022 |
| ബീന. എം. കെ | ഡയറി ഡവലപ്പ്മെന്റ് ഓഫീസർ | 01-04-2021 | 31-03-2022 |
| അരുൺ ജ്യോതി | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| രഘുനാഥ് കെ. എ | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-12-2021 |
| ഗിരീഷ് കെ. എ | വ്യവസായ വികസന ഓഫീസർ (ഇൻ ചാർജ്ജ്) | 01-01-2022 | 07-03-2022 |
| സുധീർ പി | വ്യവസായ വികസന ഓഫീസർ | 08-03-2022 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്/റിവൈസ്ഡ് ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്യാഷ് പരിശോധന | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | വാർഷിക കണക്കിലെ അപാകതകൾ | 1-8 |
| 9 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-8-1 |
| 10 | പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തുന്നു | 1-8-2 |
| 11 | വരവ് രജിസ്റ്ററും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല | 1-8-3 |
| 12 | സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-8-4 |
| 13 | രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു | 1-8-5 |
| 14 | ആസ്തി രജിസ്റ്റർ - വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല | 1-8-6 |
| 15 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-8-7 |
| 16 | ഡിപ്രിസിയേഷൻ കണക്കാക്കിയതിലെ അപാകങ്ങൾ | 1-8-8 |
| 17 | ഇൻവെസ്റ്റ്മെന്റുകൾ ഭൌതിക പരിശോധനക്ക് ഹാജരാക്കിയില്ല. | 1-8-9 |
| 18 | അഡ്വാൻസ് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ | 1-8-10 |
| 19 | ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ | 1-8-11 |
| 20 | പ്രത്യേകോദ്ദേശ ഗ്രാന്റുകൾ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല. | 1-8-12 |
| 21 | പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-8-13 |
| 22 | ബാങ്ക് റികൺസിലിയേഷൻ പത്രിക - അപാകതകൾ | 1-8-14 |
| 23 | പാർട്ട് ബിൽ നല്കിയത് Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തു കാണുന്നില്ല | 1-8-15 |
| 24 | കെട്ടിടങ്ങളിൽ നിന്നുള്ള വാടക - അപാകതകൾ | 1-9 |
| 25 | അസിസ്റ്റന്റ് ഡയറക്ടർ, കൃഷി നിർവഹണം നടത്തിയ പദ്ധതി-തുക ഉപയോഗിക്കാതെ നഷ്ടപ്പെടുത്തി. | 1-10 |

| | | |
|---|---|---|
| 26 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-11 |
| 27 | നിർവ്വഹണോദ്യോഗസ്ഥർക്ക് നല്കിയ മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല | 1-12 |
| 28 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ | 1-13 |
| 29 | പി എം എ വൈ - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-14 |
| 30 | ഓവർഹെഡ് ചാർജ്ജസ് 5% പകരം 10% നിരക്കിൽ അനുവദിച്ച് വരുന്നു | 1-15 |
| 31 | പ്രൊജ.നം. 75/21-22 മധുക്കര പാടശേഖരത്തിലേക്ക് റാമ്പ് -മണ്ണിന്റെവിനിയോഗ വിവരം ലഭ്യമല്ല. | 1-16 |
| 32 | പ്രൊജ.നം. 26/21-22വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ നവീകരണവും ബ്ലോക്ക് ഓഫീസ് വിപുലീകരണവും-- വൈദ്യുതീകരണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ്-- മേൽനോട്ടം ,സൂപ്പർവിഷൻചാർജ്ജ് അധികം നൽകി | 1-17 |
| 33 | പ്രൊജ.നം. 74/21-22 അയ്യപ്പക്കടം കനാൽ ബണ്ട് റോഡ് - ₹ 13199- കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല. | 1-18 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്/റിവൈസ്ഡ് ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 18.2.2021, തീരുമാനം 1 (1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 139258037- | 136602076- |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 31.03.2022 തീരുമാനം 1(2) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 145601330- | 136581330- |

ബജറ്റ് അപാകതകൾ

ബജറ്റുമായി ബന്ധപ്പെട്ട് ഓഡിറ്റ് കാലയളവിലെ അപാകതകൾ താഴെ ചേർക്കുന്നു

(I)ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല

( Ii) സ.ഉ (ആർ.റ്റി) 3291 / 16 തി 2-12-16 പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റുകളിന്മേൽ മാസാന്ത്യ വർഷാന്ത്യ അവലോകനം നടത്തിയിട്ടില്ല.

( Iii) കേരള പഞ്ചായത്ത് നിയമം 214(7) ആവശ്യപ്പെടുന്നതു പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ പകർപ്പ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകിയിട്ടില്ല.

മേൽപ്രകാരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31.7.2022 | 18.6.2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6759419 |
| വരവ് | 44278385 |
| ആകെ | 51037804 |
| ചെലവ് | 40239266 |
| നീക്കിയിരിപ്പ് | 10798538 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 13368383 | 12726000 | 642383 |
| വികസനഫണ്ട്-എസ് സി പി | 7520000 | 7516713 | 3287 |
| മെയിന്റനൻസ്-റോഡിതരം | 3875729 | 3255837 | 619892 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ബേസിക് ഗ്രാന്റ് | 2907761 | 2607842 | 299919 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് | 6080179 | 4142207 | 1937972 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത്(എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിതുകയുടെ ശതമാനം | നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണത്തിൻറെ ശതമാനം |
|---|---|---|---|---|---|
| 71 | 47904270 | 63 | 32279158 | 67.38% | 88.7% |

### 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.04.2023 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് നീക്കിയിരുപ്പില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

### 1-7 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. റജിസ്റ്ററുകളും, വൗച്ചറുകളും മറ്റു രേഖകളും ഏറെക്കുറെ നന്നായി സൂക്ഷിച്ചിട്ടുണ്ട്. ആസ്തി റജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണവുമായി ബന്ധപ്പെട്ട് കാണപ്പെട്ട മറ്റു പോരായ്മകൾ ഓഡിറ്റ് റിപ്പോർട്ടിൽ അതത് ഓഡിറ്റ് പരാമർശങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

### 1-8 വാർഷിക കണക്കിലെ അപാകതകൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. (ഓഡിറ്റ് എൻക്വയറി നം.6/19.4.2023)

#### 1-8-1 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

#### 1-8-2 പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തുന്നു

2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര. നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 126000 | 24.8.2021 | 42100005 |

### 1-8-3 വരവ് രജിസ്റ്ററും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ വാടക രജിസ്റ്റർ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ആയതിനാൽ തന്നെ വാടക ഇനത്തിലുള്ള വാർഷിക കണക്കിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-8-4 സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം, വാടകയിനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

### 1-8-5 രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-8-6 ആസ്തി രജിസ്റ്റർ - വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

2. ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ പ്രകാരം പഞ്ചായത്തിന് റോഡ് ആസ്തികൾ ഇല്ല. എന്നാൽ 2021-22 വാർഷിക കണക്ക് ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂൾ പ്രകാരം താഴെ ചേർത്തിരിക്കുന്ന പ്രകാരം ആസ്തികൾ രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ശീർഷകം | തുക |
|---|---|---|
| 1 | 410300102 – Roads-Tarred | 1845987 |
| 2 | 410300103 – Roads-Metal | 1027262 |
| 3 | 410300105 – Roads-Earthern | 579548 |

### 1-8-7 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4039119 രൂപയാണ്.എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4967272 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-8-8 ഡിപ്രിസിയേഷൻ കണക്കാക്കിയതിലെ അപാകങ്ങൾ

1. 2021-22 വർഷത്തെ Income And Expenditureപത്രിക പ്രകാരം 2030555 രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ പ്രകാരം 7 ആസ്തികളുടെ തേയ്മാനം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുന്ന താഴെ ചേർത്തിരിക്കുന്ന ആസ്തികൾക്ക് (Land ഒഴികെ) ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടില്ല.

| ക്ര. നം. | ആസ്തി -ശീർഷകം | 31/3/2022 ലെ മൂല്യം |
|---|---|---|
| 1 | 410710199 – Movable Asset-Others | 875290 |
| 2 | 410700103 – Waste Treatment-Landfill | 1603117 |
| 3 | 410700199 – Waste Treatment-Others | 20429 |

## 1-8-9 ഇൻവെസ്റ്റ്മെന്റുകൾ ഭൌതിക പരിശോധനക്ക് ഹാജരാക്കിയില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം300000/- രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-8-10 അഡ്വാൻസ് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ

അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും വർഷാന്ത്യസംക്ഷിപ്തം തയ്യാറാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ RP 47 പ്രകാരമുള്ള വരവ് ചെലവുകളുടെയും B-18 പ്രകാരമുള്ള മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകളുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-8-11 ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ

ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും വർഷാന്ത്യസംക്ഷിപ്തം തയ്യാറാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ RP 34 പ്രകാരമുള്ള വരവ് ചെലവുകളുടെയും B-7പ്രകാരമുള്ള മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകളുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-8-12 പ്രത്യേകോദ്ദേശ ഗ്രാന്റുകൾ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/22 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/22 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320200301 | Recoveries Payable – Covid | 26404 | 450250201 | Treasury Accoubt -Covid | 140204 |

## 1-8-13 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവയ്ക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വരവ് ചെലവുകളുടെയും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-8-14 ബാങ്ക് റികൺസിലിയേഷൻ പത്രിക - അപാകതകൾ

450250101,450250201 എന്നീ ശീർഷകങ്ങളിലെ ബാങ്ക് അക്കൗണ്ടുകളുടെ റികൺസിലിയേഷൻ പത്രിക, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-8-15 പാർട്ട് ബിൽ നല്കിയത് Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തു കാണുന്നില്ല

31/3/2022 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ 2088063 രൂപ ചേർത്തിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/22 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2022 ൽ പണിപൂർത്തീകരിക്കാത്തതുമായ എല്ലാ പ്രവൃത്തികളുടെയും വിവരം ബാലൻസ് ഷീറ്റ് ഷെഡ്യൂൾ Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തു കാണുന്നില്ല. ഉദാ: പ്രോജക്ട് നം.71/22, 75/22, 84/22, 90/22, 92/22, 55/22, 88/22.

## 1-9 കെട്ടിടങ്ങളിൽ നിന്നുള്ള വാടക - അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ വാടകയിനത്തിലെ പ്രതിമാസ തുക 2021-22 വർഷത്തിൽ മുൻ വർഷത്തേതിൽ നിന്നും വർദ്ധനവ് വരുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | പേര് | 2020-21 ലെ വാടക നിരക്ക് | 2021-22 ലെ വാടക നിരക്ക് |
|---|---|---|---|
| 1 | വ്യാസ കാന്റീൻ | 1000 | 1000 |
| 2 | സനിത പ്രസാദ് | 300 | 300 |
| 3 | ബിന്ദു വി എസ് | 750 | 750 |
| 4 | ഉഷ സുബ്രഹ്മണ്യൻ | 750 | 750 |
| 5 | ബിന്ദു ടി സി | 750 | 750 |
| 6 | ഉഷ എം | 2450 | 2450 |
| 7 | നിഷ പി വി | 4500 | 4500 |

കൂടാതെ പ്രസ്തുത കെട്ടിടങ്ങളുടെ വാടകയോടൊപ്പം ജി.എസ്.ടി ഈടാക്കുന്നില്ല.മേൽ പറഞ്ഞ കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനോടൊപ്പം മേൽ വാടകക്കാരുമായി ചമച്ച കരാറും കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിനായി രൂപീകരിച്ച ബെലോയും പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 2/17.4.2023) മറുപടി ലഭ്യമാക്കിയില്ല. ജി.എസ്.ടി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ മേൽ വാടകക്കാരുമായി വിശദമായ വ്യവസ്ഥകളോടെ കരാർ ചമയ്ക്കേണ്ടതും ചുമതലപ്പെട്ടവർ ആയത് അംഗീകരിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിനായി ബെലോ രൂപീകരിച്ച ബന്ധപ്പെട്ട അധികാരികളിൽ നിന്നും അംഗീകാരം വാങ്ങിക്കേണ്ടതുമാണ്.

## 1-10 അസിസ്റ്റന്റ് ഡയറക്ടർ, കൃഷി നിർവഹണം നടത്തിയ പദ്ധതി-തുക ഉപയോഗിക്കാതെ നഷ്ടപ്പെടുത്തി.

2021-22 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് ഡയറക്ടർ, കൃഷി നടപ്പിലാക്കിയ പദ്ധതികളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ : 123/ 22

പ്രോജക്ട് പേര് : നെൽ കർഷകർക്ക് കൂലി ചെലവ് സബ്സിഡി

അടങ്കൽ : 380000 ( പൊതുവിഭാഗം സാധാരണ വിഹിതം )

ചെലവ് : 380000

വൗച്ചർ നമ്പർ : 22100648/ 27.3.2022

നെൽ കർഷകർക്ക് കൂലി ചെലവ് സബ്സിഡി എന്ന പദ്ധതി പ്രകാരം വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് മേൽ വൗച്ചർ പ്രകാരമുള്ള തുക കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രസ്തുത തുക (380000/- രൂപ ) ചെലവഴിച്ചതിന്റെ വിവരം ലഭ്യമായിട്ടില്ല. പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 1/17.4.2023) ലഭ്യമാക്കിയ മറുപടിയിൽ പ്രൊജക്റ്റ് രൂപീകരണ സമയത്തു സംഭവിച്ച പിഴവ് മൂലം പ്രസ്തുത തുക മാപ്പ് ചെയ്യാൻ സാധിച്ചില്ലായെന്നും ആയതിനാൽ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് കൈമാറിയ മേല്പറഞ്ഞ തുക നഷ്ടപ്പെട്ട് പോവുകയാണ് ഉണ്ടായതെന്ന് അറിയിച്ചിട്ടുണ്ട്. തുക സർക്കാരിലേക്ക് തിരികെ അടവാക്കിയതിന്റെ വിവരങ്ങൾ ഈ റിപ്പോർട്ടിന്റെ ആദ്യ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-11 കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭിക്കുന്നതിന് താഴെ പറയുന്ന പ്രോജക്ടുകൾ മുഖേനെ തുക മുൻകൂർ അനുവദിച്ചിട്ടുള്ളതാണ്. എന്നിരുന്നാലും മരുന്ന് മുഴുവനായും ലഭ്യമാക്കിയതിന്റെയോ, സ്റ്റോക്കിലെടുത്തതിന്റേയോ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ് വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേരു വിവരം | മരുന്നിനായി തുക അടവാക്കിയതിന്റെ വിവരം | | | ലഭ്യമായ മരുന്നിന്റെ വിവരം | | ലഭ്യമാക്കാനുള്ള മരുന്നിന്റെ മൂല്യം |
|---|---|---|---|---|---|---|---|
| | | പ്രൊഫോർമ ഇൻവോയ്സ് നമ്പർ | വൗച്ചർ നമ്പർ | തുക | ടാക്സ് ഇൻവോയ്സ് നമ്പർ | തുക | |
| 1 | 39/22 സി.എച്ച്.സി. മുല്ലശ്ശേരിയ്ക്ക മരുന്ന് വാങ്ങൽ -മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | PRF3325/ 11.11.21 | 22100452/17.11.21. | 2,77,500 | 2882/ 24.05.22 | 21,753 | 1,80,212 |
| | | | | | 13319/ 1.7.22 | 75,535 | |
| | | | | | ആകെ | 97,288 | |
| 2 | 24/22 പാലീയേറ്റീവ് കെയർ ദ്വിതീയ പരിചരണം | PRF2152/ 17.09.21 | 22100437/21.10.21 | 2,44,456 | 10288/ 03.09.22 | 67,820 | 36,744 |
| | | | | | 3825/ 06.06.22 | 25,670 | |
| | | | | | 13090/ 15.02.22 | 28,744 | |
| | | | | | 13089/ 15.02.22 | 85478 | |
| | | | | | ആകെ | 2,07,712 | |

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നുകളും, മെഡിക്കൽ ഉപകരണങ്ങളും ലഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും, മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.5/18.04.23)

## 1-12 നിർവ്വഹണോദ്യോഗസ്ഥർക്ക് നല്കിയ മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം തനതു ഫണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, നിർവ്വഹണോദ്യോഗസ്ഥൻമാർക്ക് വിവിധ ആവശ്യങ്ങൾക്കായി മുൻകൂർ അനുവദിച്ചിട്ടുള്ളതാണ് എന്നാൽ മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിവരം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്.

| ക്രമ നം | മുൻകൂർ അനുവദിച്ചതിന്റെ വിവരം | | | മുൻകൂർ കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | മുൻകൂർ അനുവദിച്ചതിന്റെ ആവശ്യകത |
|---|---|---|---|---|---|
| | വൗച്ചർ നമ്പർ | തിയതി | തുക | | |
| 1 | 22100071 | 05.07.21 | 31,109 | അസി.എക്സി. എഞ്ചിനീയർ | ഓഫീസ് ചെലവുകൾക്കായി |
| 2 | 22100160 | 28.07.21 | 20,000 | അസി.എക്സി. എഞ്ചിനീയർ | ഓഫീസ് ചെലവുകൾക്കായി |
| 3 | 22100160 | 29.09.21 | 20,000 | പട്ടികജാതി വികസന ഓഫീസർ | ഓഫീസ് ചെലവുകൾക്കായി |
| 4 | 22100341 | 10.02.22 | 10,000 | ക്ഷീര വികസന ഓഫീസർ | ബ്ലോക്ക് തല ക്ഷീര സംഗമം 2021-22 |

മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിവരം പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടുകൊണ്ടു നല്കിയ ഓഡിറ്റ് എൻക്വയറി നം.13/20.04.23ന് മറുപടി നൽകുകയുണ്ടായില്ല. കേരള ഫിനാഷ്യൽ കോഡ് വോള്യം-1 ആർട്ടിക്കിൾ-99 പ്രകാരം മുൻകൂർ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിച്ച് മുൻകൂർ ക്രമീകരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.നിശ്ചിത സമയത്തിനുള്ളിൽ മുൻകൂർ ക്രമീകരിക്കാത്ത സംഗതികളിൽ തുക പിൻവലിച്ച തിയതി മുതൽ തുക ഈടാക്കുന്ന തിയതി വരെ 18% പലിശ ഈടാക്കേണ്ടതാണെന്ന് 04.10.2011ലെ സർക്കാർ ഉത്തരവ് (അച്ചടി)നമ്പർ:418/11/ധന. നിർദ്ദേശിച്ചിട്ടുള്ളതുമാണ്. ആയതു പ്രകാരം മുൻകൂറുകൾ സമയക്രമത്തിനുള്ളിൽ ക്രമീകരിക്കാത്ത മേൽ പട്ടികപ്പെടുത്തിയ സംഗതികളിൽ പലിശ സഹിതം തുക തിരികെ ഈടാക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ

സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രോജക്ട് നം /പ്രോജക്റ്റിന്റെ പേര് | വൗച്ചർ നം / തിയതി | തുക | അപാകതകൾ |
|---|---|---|---|---|
| 1 | 108/22<br>എളവള്ളി വനിത വികസന കേന്ദ്രത്തിന് വിഹിതം നൽകൽ | 22100467/27.12.21 | 1500000 | പദ്ധതിയ്ക്കായി അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ( എ3-3737/2021തിയതി 22.4.22) ഗ്രാമപഞ്ചായത്ത് ഹാജരാക്കിയിട്ടുണ്ട്. ആയത് പ്രകാരം 1500000 രൂപ അനുവദിച്ചതിൽ 360819രൂപയാണ് ചെലവ് വന്നിരിക്കുന്നത്. ചെലവഴിക്കാതെ അവശേഷിക്കുന്ന ബ്ലോക്ക് വിഹിതം കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കി |

| | | | | |
|---|---|---|---|---|
| | | | | അറിയിക്കാൻ ആവശ്യപ്പെട്ടു കാണുന്നു. എന്നാൽ ഇത് സംബന്ധിച്ച് പഞ്ചായത്തിൽ നിന്നും മറുപടി ലഭ്യമാക്കിയതായി കാണുന്നില്ല. തുകകൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് |
| 2 | 53/22<br>എളവള്ളി ചിറയ്ക്കൽ ഭാഗത്ത് ട്രാൻസ്ഫോർമർ | 22100479/5.1.22 | 600000 | പദ്ധതി പ്രകാരം മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിനാണ് തുക കൈമാറിയിരിക്കുന്നത്. കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല |
| 3 | 120/22<br>ടേക്ക് എ ബ്രേക്ക് പുല്ല റോഡ് - ടോയ് ലറ്റിന് ഇലക്ട്രിക്കൽ വർക്കും അനുബന്ധ സൗകര്യവും ഒരുക്കൽ | 22100540/24.3.22 | 189910 | പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിലുള്ള പോസ്റ്റുകളിൽ ഇലക്ട്രിക് ലൈൻ വലിക്കുന്നതിന് കെ എസ് ഇ ബി വെങ്കിടങ്ങ് സെക്ഷൻ എസ്റ്റിമേറ്റ് പ്രകാരമുള്ള 189910രൂപ അടവാക്കാൻ ആവശ്യപ്പെട്ടതു പ്രകാരമാണ് പദ്ധതിയിൽ ഈ തുക ചെലവഴിച്ചിരിക്കുന്നത്. ചെലവഴിച്ച തുകയുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുമുണ്ട്. എന്നാൽ ഇലക്ട്രിക് കണക്ഷൻ എടുക്കുന്നതിന് നടപടി സ്വീകരിക്കുവാൻ 8.3.22ലെ സി-487/2022 പ്രകാരം പഞ്ചായത്തിനോട് ആവശ്യപ്പെട്ടു കാണുന്നു. കണക്ഷൻ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. |
| 4 | 3/22<br>ആശ്രയ | 22100408/11.8.21 | 150000 | ആശ്രയ പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറുന്നതിനാണ് പദ്ധതി<br>- പദ്ധതി പ്രകാരം ഏത് |

| | | | | |
|---|---|---|---|---|
| | | | | പഞ്ചായത്തിനാണ് തുക കൈമാറിയിരിക്കുന്നത് എന്ന് വ്യക്തമല്ല<br>- പഞ്ചായത്തിന്റെ റിക്വസിഷൻ ലഭ്യമാക്കിയിട്ടില്ല<br>- പഞ്ചായത്തിന്റെ പ്രോജക്ടിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല<br>- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 5 | 113/22<br>ബ്ലോക്ക് പഞ്ചായത്ത് ഹാളിലേക്ക് ഓഡിയോ വീഡിയോ സൗകര്യമൊരുക്കൽ | 22100652/28.3.22 | 68218 | അക്രഡിറ്റഡ് ഏജൻസിയായ കാഡ്കോ മുഖേനയാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.<br>മേൽ സ്ഥാപനത്തിനോട് ക്വട്ടേഷൻ/പ്രൊപ്പോസൽ എസ്റ്റിമേറ്റ് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കത്ത് നൽകിയത് പ്രകാരം ( 4.1.22ലെ സി-16/2021(2)189169രൂപയുടെ ക്വട്ടേഷൻ സ്ഥാപനം ലഭ്യമാക്കി. 8.3.22 ന് സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.<br>- സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച ഭരണ സമിതി തീരുമാനമം ലഭ്യമാക്കിയിട്ടില്ല.<br>- ഇൻസ്റ്റാലേഷൻ/കംപ്ലീഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല<br>- സ്റ്റോക്ക് എൻട്രി നടത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 6 | 115/22<br>ബ്ലോക്ക് ഓഫീസിലും സാമൂഹികാരോഗ്യകേന്ദ്രത്തിലും ക്യാമറ | 22100649/27.3.22 | 150804 | അക്രഡിറ്റഡ് ഏജൻസിയായ കാഡ്കോ മുഖേനയാണ് പ്രവൃത്തി നടത്തിയിരിക്കുന്നത്. 6എണ്ണം സ്ഥാപിച്ചതിനുള്ള തുകയാണ് സ്ഥാപനത്തിന് കൈമാറിയിരിക്കുന്നത്<br>- മേൽ പ്രകാരമുള്ള വാങ്ങലിന് ഭരണ സമിതി തീരുമാനം ലഭ്യമാക്കിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | | -ഇൻസ്റ്റാലേഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 7 | 4/22<br>ഐ കെ എം ന് വിഹിതം നൽകൽ | 22100146/15.6.21 | 25000 | ഐ കെ എം ന് കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. |
| 8 | 109/22<br>ഹൈസ്കൂളുകളിൽ നാപ്കിൻ വെന്റിംഗ് മെഷീനും ഇൻസിനറേറ്ററും സ്ഥാപിക്കൽ | 22100542/24.3.22<br>22100561/29.3.22 | 237872<br>72279 | അക്രഡിറ്റഡ് ഏജൻസിയായ KSIEമുഖേനയാണ് നാപ്കിൻ വെന്റിംഗ് മെഷീനും ഇൻസിനറേറ്ററും സ്ഥാപിച്ചിരിക്കുന്നത്. ഗവ. ഹയർ സെക്കണ്ടറി സ്കൂൾ മുല്ലശ്ശേരി, എളവള്ളി എന്നീ സ്കൂളുകളിലേക്ക് 8 ഇൻസിനറേറ്ററും 6 വെന്റിംഗ് മെഷീനും വാങ്ങിയിട്ടുണ്ട്<br>-മേൽ പ്രകാരമുള്ള വാങ്ങലിന് ഭരണ സമിതി തീരുമാനം ലഭ്യമാക്കിയിട്ടില്ല.<br>- സ്കൂളുകളിൽ നിന്നും സ്ഥാപിച്ച മെഷനറികൾ പ്രവർത്തന ക്ഷമമാണെന്ന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.<br>- UTR സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.<br>-ജില്ലാ പഞ്ചായത്ത് മുഖേന ആനുകൂല്യം നൽകിയിട്ടില്ല എന്ന് ഉറപ്പുവരുത്തിയിട്ടില്ല |
| 9 | 60/22<br>നാപ്കിൻ വെന്റിംഗ് മെഷീൻ ആന്റ് ഇൻസിനറേറ്റർ സ്ഥാപിക്കൽ ഫിനാൻസ് കമ്മീഷൻ വിഹിതം | CFC | 397800 | ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ഘടക സ്ഥാപനങ്ങളിലും അനുബന്ധ സ്ഥാപനങ്ങളിലും വെന്റിംഗ് മെഷീനും ഇൻസിനറേറ്ററും സ്ഥാപിക്കുന്നതിന് ടെണ്ടർ വഴി നടപ്പിലാക്കുന്നതിനാണ് പദ്ധതി ലക്ഷ്യം വെച്ചിരുന്നത്. എന്നാൽ പിന്നീട് KSIE സപ്ലൈ ആന്റ് ഇൻസ്റ്റാലേഷൻ പ്രൊപ്പോസൽ സമർപ്പിച്ചതിൻ പ്രകാരം സ്ഥാപനം വഴിയാണ് പ്രവൃത്തി നടപ്പിലാക്കിയിരിക്കുന്നത് . ഇപ്രകാരം പദ്ധതിയിൽ നിന്ന് വ്യതിചലിച്ച് വാങ്ങൽ നടത്തിയതിന് ഭരണ സമിതി |

| | | | | | | |
|---|---|---|---|---|---|---|
| | | | | | തീരുമാനം ലഭ്യമാക്കിയിട്ടില്ല. പദ്ധതി റിവൈസ് ചെയ്തിട്ടില്ല.<br>- പദ്ധതി പ്രകാരം 9 എണ്ണമാണ് സ്ഥാപിച്ചിരിക്കുന്നത്. എന്നാൽ സ്ഥാപനത്തിന്റെ ഇൻസ്റ്റാലേഷൻ റിപ്പോർട്ട് ഇല്ല.<br>-സി എച്ച് സി യ്ക്ക് 5യൂണിറ്റാണ് അനുവദിച്ചിരിക്കുന്നത്. ആയത് സ്റ്റോക്കിൽ എടുത്ത് പകർപ്പ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ആയത് സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കിയിട്ടില്ല.<br>-21.4.21ലെ സി -60/2021കത്ത് പ്രകാരം 9യൂണിറ്റിനുള്ള തുക സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ രണ്ട് യൂണിറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടില്ല എന്നും ആയത് ഇൻസ്റ്റാൾ ചെയ്യുന്നതിന് സ്ഥാപനത്തോട് ആവശ്യപ്പെട്ടതായി കാണുന്നു. ഇത് സംബന്ധിച്ച് തുടർ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് | |
| | 10 | 110/22<br>പുല്ല റോഡ് ഓപ്പൺ ജിം | 22100555/29.3.22 | 168455 | അക്രഡിറ്റഡ് ഏജൻസിയായ കാഡ്കോ മുഖേനയാണ് ജിം ലേക്ക് ആവശ്യമായ മെഷിനറികൾ വാങ്ങിയിരിക്കുന്നത്.<br>--മേൽ പ്രകാരമുള്ള വാങ്ങലിന് ഭരണ സമിതി തീരുമാനം ലഭ്യമാക്കിയിട്ടില്ല.<br>-മെഷിനറികൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടില്ല<br>-ലഭ്യമായ മെഷിനറികൾ അശ്വിൻ കെ എസ് എന്ന വ്യക്തി കൈപ്പറ്റിയതായി കാണുന്നു .മെഷിനറികളുടെ കസ്റ്റോഡിയൻ ആരാണ് എന്ന് വ്യക്തമാക്കേണ്ടതാണ്<br>- സ്ഥാപനത്തിന്റെ | |

| | | | | |
|---|---|---|---|---|
| | | | | ഇൻവോയ്സ്( KADCO/CRO /21-22/442 Dt. 25.3.22) പ്രകാരം ആകെ ചെലവ് 187172രൂപയാണ് ഇതിൽ റീടെൻഷൻ കുറവ് ചെയ്ത തുകയാണ് സ്ഥാപനത്തിന് കൈമാറിയിരിക്കുന്നത്. സ്ഥാപനത്തിന് കൈമാറിയ തുകയാണ് സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്. മുഴവൻ തുകയും ചെലവ് രേഖപ്പെടുത്താത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.<br>-UTRസ്റ്റേറ്റമെന്റ്, ട്രഷറി ബിൽ എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 11 | 101/22<br>വിവിധ ഓഫീസുകളിലും ബസ്സ് സ്റ്റാന്റുകളിലും വാട്ടർ പ്യൂരിഫയർ | 22100367/22.2.22 | 695000 | KAICOവഴി നടപ്പിലാക്കുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ KSIE കുറഞ്ഞ തുകയ്ക്ക് പ്രൊപ്പോസൽ രേഖപ്പെടുത്തിയതിനാൽ സ്ഥാപനത്തിന്റെ പ്രൊപ്പോസൽ അംഗീകരിക്കുകയാണുണ്ടായത്.<br>- KSIE യുമായി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിലും കരാറിൽ ഗ്യാരന്റി പിരീയഡ് രേഖപ്പെടുത്തിയിട്ടില്ല.<br>-ട്രഷറി ബിൽ ഹാജരാക്കിയിട്ടില്ല<br>-സ്ഥാപനത്തിന്റെ ഇൻസ്റ്റാലേഷൻ റിപ്പോർട്ടില്ല. |
| 12 | 89/22<br>ടേക്ക് എ ബ്രേക്ക് പുല്ല റോഡ് -ടോയ് ലറ്റ് | 22100366/23.2.22 | 499990 | അക്രഡിറ്റഡ് ഏജൻസിയായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനം മുഖേനയാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. ആയത് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല |

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/19.4.23,11

/20.4.23) കൃത്യമായ മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-14 പി എം എ വൈ - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പി എം എ വൈ ഭവന നിർമ്മാണ പദ്ധതിയിൻ കീഴിൽ ആദ്യ ഗഡുക്കൾ കൈപ്പറ്റിയിട്ടും ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവരെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരു വിവരം | കൈപ്പറ്റിയ ഗഡുക്കൾ | കൈപ്പറ്റിയ തുക /തിയതി | റിമാർക്സ് |
|---|---|---|---|---|
| | തങ്ക W/o കുമാരൻ വേളൂ ഹൗസ്, പാവറട്ടി | I<br>II | 48000/17.2.17<br>32000/30.3.17 | |
| | അമ്മുകുട്ടി അടിമ അപ്പനാത്ത് ഹൗസ് , തൊയക്കാവ് | I | 50000/19.11.19 | |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുന്നതിനും അല്ലാത്ത പക്ഷം തുക ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് എൻക്വയറി നൽകിയിരുന്നതിന് (ഓഡിറ്റ് എൻക്വയറി 12/20.4.23) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 ഓവർഹെഡ് ചാർജ്ജസ് 5% പകരം 10% നിരക്കിൽ അനുവദിച്ചു വരുന്നു

ഓഡിറ്റ് എൻക്വയറി നം. 3തി. 17-04-23

സ.ഉ. (എം.എസ്) 2480/10 എൽ.എസ്.ജി.ഡി തി. 29-7-10, സ.ഉ. (എം.എസ്) 74/14 എൽ.എസ്.ജി.ഡി തി. 7-5-14 എന്നിവ പ്രകാരം ഓവർഹെഡ് ചാർജ്ജസ് 5% നിരക്കിലാണ് അനുവദനീയമായിട്ടുള്ളത്. മോർഡ് സ്പെസിഫിക്കേഷൻ-PRICE സോഫ്റ്റ് വെയറിൽ 10% നിരക്കിലാണ് ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചു വരുന്നത്. അധികരിച്ച ഓവർഹെഡ് ചാർജ്ജിന്മേൽ സ്വാഭാവികമായും കാലാകാലാങ്ങളിലുള്ള കോസ്റ്റ് ഇൻഡക്സും നൽകി വരുന്നു. കരാറുകാർക്ക് അധികതുക ലഭിച്ചുകൊണ്ടിരിക്കുന്നത് എൽ.എസ്.ജി.ഡി ചീഫ് എൻജിനീയറെ അറിയിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടി തൃപ്തികരമല്ല.

## 1-16 പ്രൊജ.നം. 75/21-22 മധുക്കര പാടശേഖരത്തിലേക്ക് റാമ്പ് -മണ്ണിന്റെവിനിയോഗ വിവരം ലഭ്യമല്ല.

നി.ഉദ്യോഗസ്ഥൻ ; അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ ₹ 5,00,000- (വി.ഫണ്ട് പൊ.വി )

സാങ്കേതികാനുമതി -

LSGD TS 42721/21-22, LSGD TS 21-22 23405തി. 10-10-21 ₹5,00,000-

കരാർ നം.-തി. 2/AE MLY/21-22, തി. 29-11-21

കരാറുകാരൻ ഫിറോസ് പി.എം

പി.എ.സി. തുക ₹ 4,85,002.48

വൗ.നം. 22100549തി.19-3-22, ₹ 4,27,412-

അളവുപുസ്തകം - 31/19-20,11/22-23

ഓഡിറ്റ് എൻക്വയറി നം. 7തി. 20-04-23

മേൽപ്രകാരം പ്രവൃത്തിയുമായി ബന്ധപ്പെട്ട് ലഭ്യമായ മണ്ണിന്റെ വിവരം താഴെ ചേർക്കുന്നു.

| എം.ബി.നം./ പേജ് നം./ഇനം നം. | ലഭ്യമായ മണ്ണിന്റെ അളവ് |
|---|---|
| (എ)31/19-20പേജ് നം.1 ,2 ഇനം നം. 1 | 10.19 M3 |
| (ബി)31/19-20പേജ് നം.39,40,41 ഇനം നം. 1 | 9.284 M3 |
| (സി)31/19-20പേജ് നം.85 ,86 ഇനം നം. 1 | 4.575 M3 |
| ആകെ | 24.049 M3 |

റാമ്പ് നിർമാണവുമായി ബന്ധപ്പെട്ട് മണ്ണ് വിനിയോഗിച്ചതായി പരിശോധനയിൽ കണ്ടില്ല. ഈ സാഹചര്യത്തിൽ മണ്ണ് ലേലം ചെയ്ത് തുക മുതൽ കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിവരങ്ങൾ യഥാസമയം ഓഡിറ്റിന് നല്കേണ്ടതുമാണ്.

1-17 പ്രൊജ.നം. 26/21-22വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ നവീകരണവും ബ്ലോക്ക് ഓഫീസ് വിപുലീകരണവും-- വൈദ്യുതീകരണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ്-- മേൽനോട്ടം ,സൂപ്പർവിഷൻചാർജ്ജ് അധികം നൽകി

നി.ഉദ്യോഗസ്ഥൻ ; അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ

അടങ്കൽ ₹4,00,000- (ധന.അവാർഡ്)

₹2,32,307- (തനതുഫണ്ട്)

₹12,69,308- (മെയി.ഫണ്ട്-റോഡിതരം)

സാങ്കേതികാനുമതി -

(I) LSGD TS 42721/21-22,LSGD TS 21-22 23405തി. 10-10-21 ₹19,01,614.53- ( സിവിൽ + ഇലക്ട്രിക്കൽ-LS )

(Ii)208/EE/LSGD Electrical Committee21-22തി. 29-12-21 ₹1,72,000- ( ഇലക്ട്രിക്കൽ )

കരാർ നം.-തി.

(I) 2/AEE /LSGD/MLY/21-22 തി. 28-1-22 ( സിവിൽ )

(Ii)3/AEE /LSGD/MLY/21-22 തി. 3-2-22 ( ഇലക്ട്രിക്കൽ )

കരാറുകാർ

(I) പി.സുനിൽ കുമാർ ( സിവിൽ )

(Ii)പോളി വി.ജെ ( ഇലക്ട്രിക്കൽ )

പി.എ.സി. തുക

(I)₹ 16,11,495.84( സിവിൽ )

(Ii)₹ 1,44,644-( ഇലക്ട്രിക്കൽ )

ട്രഷറി ബിൽ.നം. 22100550 തി.22-3-22 ₹ 1,17,189-( സിവിൽ )

വൗ.നം. XVFC 21-22/P/37 തി.24-3-22 ₹ 4,00,000-( സിവിൽ )

ട്രഷറി ബിൽ.നം. 22100651 തി.27-3-22 ₹ 1,68,428-( ഇലക്ട്രിക്കൽ )

ട്രഷറി ബിൽ.നം. 22100658 തി.30-3-22 ₹ 4,15,454-( സിവിൽ )

അളവുപുസ്തകം -(I) 17/21-22, 19/21-22, 26/21-22, 22/21-22 ( സിവിൽ )

(ii)15/21-22 ( ഇലക്ട്രിക്കൽ )

ഓഡിറ്റ് എൻക്വയറി നം. 9തി. 20-04-23

ഓഡിറ്റ് കാലയളവിൽ വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തിയാക്കി ഫൈനൽ ബിൽ നൽകിയിട്ടുണ്ട്. സിവിൽ പ്രവൃത്തികൾ 2022-23 കാലയളവിലാണ് പൂർത്തിയാക്കിയിട്ടുള്ളത്. സർക്കാർ ഉത്തരവ് (സാധാ) നം.2878/2015/ത.സ്വ.ഭ.വ. തി. 22.09.2015 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ഇലക്ട്രിക് പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 4% പ്രതിഫലമായി അനുവദിക്കാവുന്നതാണ്. ധനകാര്യവകുപ്പിന്റെ (Industries & Public Works-B) 01.03.2019-ലെ സർക്കുലർ നം.18/2019/ഫിൻ ഖണ്ഡിക 6 പ്രകാരം എസ്റ്റിമേറ്റിൽ ജി.എസ്.ടി ഉൾപ്പെടാതെയുള്ള എസ്റ്റിമേറ്റ് തുകയിന്മേലാണ് ആയത് കണക്കാക്കേണ്ടത്. ഇതിനു വിരുദ്ധമായി എസ്റ്റിമേറ്റ് തുകയിന്മേൽ ജി.എസ്.ടി കൂടി ചേർത്ത് ആയതിന്മേൽ സൂപ്പർ വിഷൻ ചാർജ് അധികം നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം<br>1 | നൽകിയ തുക<br>2 | നൽകേണ്ടിയിരുന്ന തുക<br>3 |
|---|---|---|
| പ്രവൃത്തിമൂല്യം / എസ്റ്റിമേറ്റ് തുക | 1,44,596- പ്രവൃത്തിമൂല്യം | 1,44,644- എസ്റ്റിമേറ്റ് തുക |
| GST 12% | 17352- | - |
| Remuneration @4% | 6480-<br>(1,44,596+17352)X4% | 5786-<br>1,44,644X4% |
| അധികംനൽകിയ തുക<br>( 2-3)<br>I.e 6480-5786 | | ₹ 694- |

അധികം നൽകിയ ₹ 694- തിരികെ ഈടാക്കേണ്ടതാണ്.

**1-18 പ്രൊജ.നം. 74/21-22 അയ്യപ്പക്കടം കനാൽ ബണ്ട് റോഡ് - ₹ 13199- കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.**

നി.ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ

അടങ്കൽ ₹ 1,20,000- (വി.ഫണ്ട് പൊ.വി )

സാങ്കേതികാനുമതി -

LSGD TS 54660/20-21, LSGD TS 20-21 100400തി. 18-8-20 ₹18,00,000-

കരാർ നം.-തി. 1/AEE LSGD MLY 20-21 തി. 25-9-20

കരാറുകാരൻ സുനിൽ കുമാർ .പി.

പി.എ.സി. തുക ₹ 15,05,928.28

വൗ.നം. 22100422തി.29-2-22 ₹ 72,371-

അളവുപുസ്തകം - 22/19-20,23/ 19-20

ഓഡിറ്റ് എൻക്വയറി നം. 8തി. 20-04-23

മേൽപ്രകാരം റോഡു പ്രവൃത്തിയുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് പാക്ക്ഡ് ബിറ്റുമിൻ വില ചേർത്താണ് തയ്യാറാക്കിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ കരാറുകാരനിൽ നിന്ന് ബിറ്റുമിൻ കാലി ബാരലുകളുടെ വില ₹ 238+18% (GST) നിരക്കിൽ താഴെ ചേർക്കുന്നതു പ്രകാരം ഈടാക്കേണ്ടതുണ്ടായിരുന്നു.

| ബിറ്റുമിൻ ഇനം/ഉപയോഗിച്ച അളവ് | ആകെ ബാരലുകൾ | ₹ 238-നിരക്കിൽ കാലി ബാരലിന്റെവില | 18 % നിരക്കിൽ |
|---|---|---|---|

| | | | |
|---|---|---|---|
| (അളവുപുസ്തകം - 22/19-20 പേജ് നം.39 പ്രകാരം) | | | GST |
| VG 30 5771.91 Kg ( 156 Kg/barrel ) | 37 5771.91/156 | 8806- | 1585- |
| RS 1 707.47 Kg ( 200 Kg/barrel ) | 3 707.47/ 200 | 714- | 128- |
| SS 1 1348.42 Kg ( 181 Kg/barrel ) | 7 1348.42/ 181 | 1666- | 300- |
| ആകെ | 47 | 11,186- | 2013- |

ആകെ ₹ 13199-കാലി ബാരലിന്റെ വിലയിനത്തിൽ ഈടാക്കി ₹ 11,186- പ്രവൃത്തിക്ക വേണ്ടി ചെലവു ചെയ്ത ശീർഷകത്തിലേക്കും ₹ 2013- GST വകുപ്പിലേക്കും അടവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | പ്രോജക്ട് നമ്പർ 120/22 - ടേക്ക്-എ-ബ്രേക്ക് പുല്ല റോഡ് ടോയ്ലറ്റിന് ഇലക്ട്രിക്കൽ വർക്കും അനുബന്ധ സൗകര്യവുമൊരുക്കൽ | Ch.no 004293 Dated 05.03.2022 | 189910 | 189910 | ലഭ്യമല്ല | 189910 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

വാർഷിക കണക്ക് പ്രകാരം സ്ഥാപനത്തിന് 300000രൂപയുടെ സ്ഥിര നിക്ഷേപം ഉണ്ട്. എന്നാൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഖണ്ഡിക 1-8-9ൽ പരാമർശിച്ചിട്ടുണ്ട്.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 2-3 | 2008-09 | 3.7.3 | വിവിധ ആവശ്യങ്ങൾക്കായി തുകകൾ ചെലവഴിച്ചതിന് രേഖകളില്ല | ഓഡിറ്റ് തടസ്സപ്പെടുത്തിയ 16,000/- രൂപയുടെ ചെലവു സംഖ്യയിൽ 15,778/- രൂപയുടെ ബില്ലുകൾ ഇതോടൊപ്പം സമർപ്പിക്കുന്നു. ബാക്കി 222/- രൂപയുടെ ബില്ലുകൾ ഇതുവരെ കണ്ടെത്തുവാൻ സാധിച്ചിട്ടില്ലാത്തതാണ്. ടി കാലയളവിൽ സെക്രട്ടറിയായിരുന്ന ശ്രീ.പി.കെ.വിജയൻ 10.08.2020-ന് മരണപ്പെട്ടതിനാൽ ബാക്കി തുകയുടെ ബില്ലുകൾ സമർപ്പിക്കുവാൻ കഴിഞ്ഞില്ല. ബാക്കി തുക 222/- രൂപ തിരിച്ചടവാക്കിയിട്ടുണ്ട് |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 44278385 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 40239266 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്ക്സ് (CAR/CASE/ CH/SCH) |
|---|---|---|---|---|---|
| 1 | 1999-2000 (ചെലവ്) | LFT 21-2143/07 Dtd.02.08.08/ 18.10.08 | 2 | 2-6, 2-11 | |
| 2 | 2000-01 (ചെലവ്) | LFT 21-2144/07 Dtd.02.08.08/ 18.10.08 | 1 | 2-7(4) | |
| 3 | 2001-02 (ചെലവ്) | LFT 21-2145/07 Dtd.27.05.08/ 18.10.08 | 1 | 2-3 | 2-3 CAR |
| 4 | 2002-03 | LFT 21-1100/09 Dtd.15.07.10/ 14.01.11 | 1 | 3-6(1)(2) | |
| 5 | 2003-04 | LFT 21-1101/09 Dtd.16.07.10/ 14.01.11 | 3 | 3-2, 3-5, 3-14 | |
| 6 | 2004-05 | LFT 21-1102/09 Dtd.17.07.10/ 14.01.11 | 2 | 3-2, 3-5 | |
| 7 | 2005-06 | LFT 21-1103/09 Dtd.20.07.10/ 14.01.11 | 6 | ഭാഗം-1, 3-3, 3-4, 3-6, 3-7, 3-11(2) | |

| | | | | | |
|---|---|---|---|---|---|
| 8 | 2006-07 | LFT BP-2131/11 Dtd.09.05.12/ 04.07.12 | 7 | 3-2(2), 3-2(3)(4), 3-3, 3-7, 3-10(a), 3-10(b) | |
| 9 | 2007-08 | LFT BP-2132/11 Dtd.09.05.12/ 04.07.12 | 3 | 3-2, 3-3, 3-4 | |
| 10 | 2008-09 | LFT BP-2133/11 Dtd.09.05.12/ 04.07.12 | 2 | 3-2, 3-7 | |
| 11 | 2009-10 | LFT BP-2134/11 Dtd.09.05.12/ 04.07.12 | 1 | 3-7 | |
| 12 | 2010-11 | LFT BP-2278/12 Dtd.12.02.13/ 13.06.13 | 3 | 3-1, 3-2, 3-3 | |
| 13 | 2011-12 | LFT BP-1996/13 Dtd.03.02.14/ 13.03.14 | 5 | 3-2(1), 3-2(3), 3-5, 3-6(1,3,4,5,7,8), 3-6(b)(1,3) | |
| 14 | 2012-13 | LFT BP-1264/14 Dtd.12.11.14/ 10.02.15 | 1 | 3-5 | |
| 15 | 2013-14 | KSATSR BP-1235/15 Dtd.15.10.15 | 3 | 2-1(1), 3-3, 3-8 | |
| 16 | 2014-15 & 2015-16 | KSATSR BP-644/17 Dtd.30.05.17 | 13 | 1-3, 2-1, 2-3, 3-1(1 To 17), 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10 | |
| 17 | 2016-17 | KSATSR BP(1)-1410/17 Dtd.30.08.17 | 10 | 1-3, 2-2(1 To 4), 3-2(2,4), 3-3, 3-4, 3-5, 3-9, 3-10(a,c), 3-11, 3-12(ക്രമ നം.6) | |
| 18 | 2017-18 | KSATSR BP-1957/18 Dtd.04.02.19 | 15 | 1-8(1,2), 1-10, 2-1(1,2,3), 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8(I To IX), 3-10, 3-11, 3-12 | |
| 19 | 2018-19 | KSATSR BP-1212/19 | 17 | 1-10, 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, | |

| | | | | | |
|---|---|---|---|---|---|
| | | Dtd.20/08/19 | | 3-6, 3-7, 3-8, 3-10, 3-11, 3-12, 3-13, 3-14, 3-15 | |
| 20 | 2019-20 | KSATSR (P-16)37/22 Dtd.05/05/22 | 11 | 1-9 മുതൽ 1-19 വരെ | |
| 21 | 2020-21 | KSATSR (P-16)37/22 Dtd.05/05/22 | 9 | 1-9 മുതൽ 1-17വരെ | |
| | ആകെ | | 116 | | |

ജോയിന്റ് ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്